# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്മനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം/പി9/ 2429 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 20/12/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്മനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം/പി9/ 2429 /2022 തീയ്യതി: 20/12/2022

## കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഇന്ദുലേഖ എ,ഓഡിറ്റ് ഓഫീസർ
സ്മിത ജി നായർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുമേഷ് പി വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിനീത് രാജൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സബിതാ പ്രേംജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സോണി മാത്യു | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.മിനിജ ഡി നായർ | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2021 | 31-03-2022 |
| ശ്രീമതി ജോസ്നമോൾ കുര്യൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി നാൻസി ലിസ തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ഹസീന കെ എച്ച് | വെറ്ററനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു റ്റി റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ സുനിൽ എ പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഒളശ്ശ | 01-04-2021 | 31-03-2022 |
| ശ്രീമതി ലേഖ എം തമ്പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അയ്മനം | 01-04-2021 | 31-03-2022 |
| ശ്രീമതി രശ്മിമോൾ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി നിസ്സി ജോൺ സി വൈ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ഓമന വി എ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ഡോ.രാമകൃഷ്ണൻ ഡി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.അശ്വിനികുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-05-2021 |
| ഡോ.ജയമോൾ ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-06-2021 | 13-10-2021 |
| ഡോ.മെറിൻ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ | 14-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ശ്രീ കണ്ണൻ പി | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികകണക്കുകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം. | 1-5 |
| 6 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | രസീത് പരിപാലനം - അപാകതകൾ | 1-11 |
| 12 | ബാങ്ക് റീകൺസിലേഷൻ - അപാകതകൾ | 1-12 |
| 13 | ഗുണഭോക്തൃവിഹിതം അടവാക്കി- ഓഡിറ്റ് ഇംപാക്റ്റ് | 1-13 |
| 14 | വസ്തുനികുതി - തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല. | 1-14 |
| 15 | നികുതിവരവിനങ്ങളിൽ വൻതുക കുടിശ്ശിക നിലനൽക്കുന്നു. | 1-15 |
| 16 | വസ്തുനികുതി പുനർനിർണ്ണയം -തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 17 | വസ്തുനികുതി - റോഡ് മാസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 1-17 |
| 18 | കെട്ടിട വിവരങ്ങൾ ലഭ്യമല്ല. | 1-18 |
| 19 | തൊഴിൽ നികുതി അടവാക്കിയില്ല. | 1-19 |
| 20 | ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-20 |
| 21 | ക്ഷീരോൽപ്പാദക സംഘങ്ങൾ കള്ളുഷാപ്പുകൾ എന്നിവ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു. | 1-21 |
| 22 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത | 1-22 |
| 23 | മുൻകൂറുകൾ ക്രമീകരിക്കുന്നില്ല | 1-23 |
| 24 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-24 |
| 25 | സർക്കാർ ഡ്യൂസ് അടച്ചിട്ടില്ല | 1-25 |
| 26 | വായ്പ കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-26 |
| 27 | ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കിയില്ല | 1-27 |

| | | |
|---|---|---|
| 28 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റിയത് -സംബന്ധിച്ച്. | 1-28 |
| 29 | വിവിധ മരുന്ന് വാങ്ങൽ പ്രോജക്റ്റുകൾ-മരുന്ന് ലഭ്യമായില്ല. | 1-29 |
| 30 | പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-30 |
| 31 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - അപാകതകൾ | 1-31 |
| 32 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- കരാറിലേർപ്പെടാതെ തുക കൈമാറി | 1-32 |
| 33 | മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചു. | 1-33 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ- ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി. | 1-34 |
| 35 | പോത്ത്കുട്ടി വിതരണം (ജനറൽ) - വരുമാന പരിധി പരിശോധിച്ചില്ല. | 1-35 |
| 36 | പോത്ത്കുട്ടി വിതരണം (എസ്.സി.പി) - വരുമാന പരിധി പരിശോധിച്ചില്ല. | 1-36 |
| 37 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പദ്ധതി നടപ്പിലാക്കിയില്ല | 1-37 |
| 38 | പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രം നിർമ്മാണം തുക നൽകൽ-പ്രവൃത്തി പൂർത്തിയായില്ല | 1-38 |
| 39 | പഠനമുറി- വാല്യുവേഷൻ ലഭ്യമായില്ല. | 1-39 |
| 40 | വയോജനങ്ങൾക്ക് കട്ടിൽ - മാർഗ്ഗരേഖ പാലിച്ചില്ല. | 1-40 |
| 41 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ്- തുടർ പ്രവർത്തനങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-41 |
| 42 | സമഗ്ര പുരയിടകൃഷി-വളം വാങ്ങിയ ബിൽ ലഭ്യമല്ല. | 1-42 |
| 43 | പച്ചക്കറി തൈ സുഭിക്ഷ കേരളം പദ്ധതി-വിതരണ വിവരം ലഭ്യമല്ല. | 1-43 |
| 44 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-44 |
| 45 | ഉത്തരവാദിത്ത ടൂറിസം -പഞ്ചായത്ത് തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്. | 1-45 |
| 46 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിക്കേണ്ടതാണ്. | 1-46 |
| 47 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ. | 1-47 |
| 48 | ഐ കെ എം വിഹിതം ന**ൽകൽ** - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-48 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം. | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

24.03.2022 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം 2021-22 വർഷത്തെ ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 15575667 | 21092303.45 |
| വരവ് | 145329000 | 123719403 |
| ആകെ | 160904667 | 144811706.45 |
| ചെലവ് | 154374500 | 112145144 |
| നീക്കിയിരിപ്പ് | 6530167 | 32666562.45 |

ബജറ്റ് പ്രകാരം 14.5കോടി രൂപയുടെ പ്രതീക്ഷിത വരവും 15.43 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 24.07 കോടി രൂപയും ചെലവ് 23.7 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷികകണക്കുകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 240706947/- രൂപയും ചെലവ് 237552872/- രൂപയും തൻവർഷ പ്രവർത്തന ലാഭം 3154075/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 133725508/- രൂപയും ബാധ്യതകളുടെ മൂല്യം 111722571 /- രൂപയും ആകെ ജനറൽ ഫണ്ട് 22002937/- രൂപയുമാണ്. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകൾ ലഭ്യമല്ല.

3.പ്ലാൻ ഫണ്ട് പ്രോജക്ടുകളുടെ ചെലവ്-റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

4. വാർഷികകണക്കുകൾ പ്രകാരം 2540000 രൂപയാണ് വായ്പ എടുത്തിട്ടുള്ളത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 2280000 രൂപയാണ് ലോൺ ഇനത്തിൽ KURDFC ൽ നിന്നും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. (എസ് ബി ഐ 5447) സുലേഖ ചെലവ് പത്രിക പ്രകാരം 1840000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

5. KURDFC വായ്പ, Prepaid Programme Expense ശീർഷകങ്ങളിലെ നീക്കിയിരിപ്പുകൾ തമ്മിൽ 1020000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. പഞ്ചായത്ത് ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വായ്പ കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല.

6.ഗ്രാമപഞ്ചായത്ത് ഫണ്ടിൽ 31/03/2022-ൽ നിലനിൽക്കുന്നതും 2021-22 വർഷം

ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7.സംയുക്ത പ്രോജക്ടിനായി മുൻവർഷം ലഭിച്ച തുകയിൽ 1606000രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട് . ടി തുകകൾ ബി4 ഷെഡ്യൂളിലെ ബാദ്ധ്യത ഹെഡിൽ നിന്നും കുറവ് ചെയ്തിട്ടില്ല

8. ജലനിധിയുടെ അക്കൗണ്ടിൽ 8408107/- രൂപയാണ് ബാലൻസ്. എന്നാൽ 8031533/- രൂപ യാണ് ബാദ്ധ്യതയായി ബി4 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്.

9. CFC ഗ്രാന്റ് വരവ് ചെലവ് നീക്കിയിരിപ്പ് എ സി ആറുമായി പൊരുത്തപ്പെടുന്നില്ല. പലിശ ടൈഡിലും ബേസിക്ക് ടാക്സിലും അക്കൗണ്ട് ചെയ്തിട്ടുണ്ട്.

10. CFLTC നടത്തിപ്പിന് ഡിഡി എം എ യിൽ (DM1-6182/20 12.05.21)നിന്ന് ലഭിച്ച 100000/- രൂപ അക്കൗണ്ട് ചെയ്തിട്ടില്ല

11.പ്രധാനനികുതിയിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12. 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

13. 412010101-Capital Work In Progress ശീർഷകത്തിൽ 12653609/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനിയർക്ക് വാഹനവാടക നൽകിയ തുക ടി ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്

14. ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിലെ 350410101,350410102,350410301 ശീർഷകങ്ങളിലെ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

15. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

16.ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല

17. അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിവിധ ശീർഷകങ്ങളിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൻ വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബി 18 ഷെഡ്യൂളിൽ അതാത് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല

18. 1-18 പ്രകാരം മുൻവർഷ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

19.തനത് ഫണ്ട് അക്കൗണ്ട്, (5447), സമ്പൂർണ്ണ ശുചിത്വം എന്നിവയിലെ ബാങ്ക് ബുക്ക് ബാലൻസും റിക്കണ്ടസിലേഷൻ പത്രികയിലെ ബാലൻസും പൊരുത്തപ്പെടുന്നില്ല.

20. സംയുക്ത പ്രോജക്ടിനായി ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്ന ട്രഷറി അക്കൗണ്ടിൽ 31/03/2022ൽ 1000000/- രൂപയാണ് നീക്കിയിരിപ്പുള്ളത്. എന്നാൽ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ 3640010/- രൂപയാണ് നീക്കിയിരിപ്പ് .

21. ലൈഫിന്റെ സ്റ്റേറ്റ് ഷെയറായി ലഭിച്ചത് 3540000/- രൂപയാണ്. എന്നാൽ 4240000/-രൂപയാണ് RP31 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തത്.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതും പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21092303.45 |
| ഓഡിറ്റ് വർഷത്തെ വരവ് | 123719403 |
| ആകെ | 144811706.45 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 112145144 |
| നീക്കിയിരിപ്പ് | 32666562.45 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3330479 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23477000 | 23477000 | 23477000 | 0 |
| വികസന ഫണ്ട്-SCP | 0 | 4362000 | 4362000 | 4362000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 6729748 | 6729748 | 6208456 | 521292 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 9771311 | 9771311 | 4124764 | 5646547 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 14148783 | 14148783 | 8081577 | 6067206 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 8279055 | 8279055 | 3309119 | 4969936 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1026384 | 1273220 | 2299604 | 1092772 | 1206832 |
| ICDS | 1125729 | 726045 | 1851774 | 373735 | 1478030 |
| SSA | 71400 | 1947 | 73347 | 0 | 73347 |
| TSC | 1515159 | 47441 | 1562600 | 802500 | 760100 |
| ബ്ലോക്ക് പഞ്ചായത്ത് | 227427 | 1648208 | 1875636 | 1648208 | 227427 |
| ജില്ലാ പഞ്ചായത്ത് | 3412583 | 12598994 | 16011577 | 12598994 | 3412583* |

*സംയുക്ത പ്രോജക്ടിന് മുൻ വർഷം ലഭിച്ച തുകയിൽ 1606000/- രൂപ ജേണൽ ചെയ്തു മാറ്റാഞ്ഞതിനാൽ

ബി4 ഷെഡ്യൂളിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗത്തിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. റോഡിനത്തിൽ 240783 രൂപയും നോൺറോഡിനത്തിൽ 535708രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 56347 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ 3214311രൂപയും ബേസിക്ക് ടാക്സ് ഇനത്തിൽ 2358748രൂപയും ഇപ്രകാരം അധിക അലോട്ട് മെന്റ് ലഭിച്ചിട്ടുണ്ട്. ബേസിക്ക് ടാക്സ് ഇനത്തിൽ 2259748രൂപയും ടൈഡ് ഇനത്തിൽ 974500രൂപയും ചെലവഴിച്ചിട്ടുണ്ട്.

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. എസി ആറിലും ഗ്രാന്റ് സ്റ്റേറ്റ് മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് ഗ്രാന്റ് പത്രിക/സുലേഖ പത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

5. പ്രോജക്ട് നമ്പർ 110/22 ന് ചെലവ് പത്രിക പ്രകാരം 74850/- രൂപയാണ് ചെലവ്. എന്നാൽ ബിൽ പ്രകാരം 75120/-രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകത വിശദീകരിക്കപ്പെട്ടില്ല.

മേൽ അപാകതകൾക്കും ടി റിപ്പോർട്ട് ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2021-22ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 02.02.2021ൽ നടക്കുകയുണ്ടായി. പദ്ധതിരൂപീകരണ ഗ്രാമ സഭകൾ 11.02.2021 മുതൽ 15.02.2021 വരെ നടത്തിയിരുന്നു. 23.02.2021-ൽ ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾ

24.03.2022 ലെ 81898/21/DPC/DPO/KTMനമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 232 | 173 | 261275649 | 80660880 | 31 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 9033832 | 5101893 | 56 |
| വെറ്ററിനറി സർജൻ | 9 | 8 | 2939000 | 2268000 | 77 |
| മെഡി.ഓഫീസർ, പി.എച്ച്.സി | 8 | 7 | 2652052 | 1709262 | 64 |
| വി.ഇ.ഒ-1 | 18 | 14 | 160814766 | 21683449 | 14 |
| വി.ഇ.ഒ-11 | 14 | 13 | 18001100 | 11230273 | 63 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 17 | 14 | 8876182 | 7768358 | 88 |
| സെക്രട്ടറി | 44 | 29 | 18554717 | 11799124 | 64 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 615000 | 98400 | 16 |
| അസി.എൻജിനീയർ | 91 | 61 | 35323400 | 16447536 | 63 |
| ക്ഷീരവികസന ഓഫീസർ | 2 | 2 | 800000 | 400000 | 50 |
| ഹെഡ്മാസ്റ്റർ | 7 | 6 | 1300000 | 1072360 | 83 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 6 | 2365600 | 1082225 | 46 |
| ആകെ | 232 | 173 | 261275649 | 80660880 | 31 |

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരംവർഷം 216പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 1988 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 299 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 223- പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 133256 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 1795 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി, തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്, മഴക്കുഴി, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 44316625 | 44316625 | 44316625 | 0 |
| ഭരണചെലവ് | 418081 | 904232 | 1322313 | 1316531 | 5782 |
| ആകെ | 418081 | 45220857 | 45638938 | 45633156 | 5782 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടൻറ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2021-22 വർഷം അയ്മനം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | 0 |
| വാർദ്ധക്യകാലപെൻഷൻ | 44546800 | 3299 |
| കർഷകതൊഴിലാളി പെൻഷൻ | 20076600 | 1345 |
| വിധവാപെൻഷൻ | 15493900 | 1037 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 806800 | 55 |
| വികലാംഗപെൻഷൻ | 6390000 | 429 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി അയ്മനം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 23/11/2022 തീയതിയിൽ 03:15 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 18058 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ

ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗ് സംവിധാനത്തിലെ അപാകതകൾ ഖണ്ഡിക 1-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.നഗരസ്വഭാവമുള്ള പ്രദേശങ്ങളും കായലോരങ്ങളും ഉൾപ്പെടെ വൈവിദ്ധ്യമാർന്ന ഭൂവിഭാഗങ്ങളുൾപ്പെട്ട പഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് അപാകതകൾ നിലനിൽക്കുന്നുണ്ട്.വസ്തുനികുതി നിർണ്ണയ ഫയലുകളിൽ നടത്തിയ പരിശോധനയിൽ പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിക്കുന്ന ഡേറ്റ പ്യൂരിഫിക്കേഷൻ പൂർണ്ണമല്ലെന്ന് വ്യക്തമാകുന്നു.പഞ്ചായത്തിലെ അടിസ്ഥാന റോഡുകളെ സംബന്ധിക്കുന്ന റോഡ് മാസ്റ്റർ തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.ആവശ്യമായ സ്ഥലപരിശോധന നടത്തി വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിക്കേണ്ടതാണ്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.09.2022 To 28.09.2022 | 01/2022 To 03/2022 | A1-3727/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/07/2022 To 23/07/2022 | 04/2017 To 06/2022 | Audit 1 /AMG 1 /HQ II /1/C-3 /GP/8A /2022-2023/134 |

1-11 രസീത് പരിപാലനം - അപാകതകൾ

1.01/04/2022 തീയതി മുതൽ ഗ്രാമപഞ്ചായത്തിൽ ഐ എൽ ജി എം എസ് സംവിധാനം നിലവിൽ വന്നതിനാൽ സാംഖ്യ രസീതുകൾ പണംപിരവിനായി ഉപയോഗിക്കുന്നില്ല. ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകളിൽ 1053000 നമ്പർ രസീത് ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/29.11.2022) ലഭ്യമാക്കിയ മറുപടിയിൽ മേൽ രസീത് സ്റ്റോർ റൂമിലേയ്ക്ക് മാറ്റുന്ന സമയത്ത് നഷ്ടപ്പെട്ടതായി അറിയിച്ചു. മറുപടി അംഗീകരിക്കാവുന്നതല്ല. നഷ്ടമായ രസീത് ഉപയോഗിച്ച് ധനദുർവിനിയോഗം നടന്നിട്ടില്ലെന്ന് ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പണം പിരിവിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകളുടെ ഉപയോഗത്തിൽ താഴെ ചേർക്കുന്ന അപാകതൾ കാണുന്നു.

| ക്രമനമ്പർ | അപാകത | രസീത് നമ്പർ/രസീത് ബുക്ക് നമ്പർ/തീയതി | രസീത് ഉപയോഗിച്ച ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | രസീതുകൾ തീയതി രേഖപ്പെടുത്താതെ പണംപിരിവ് നടത്തി. | 5560 രസീത് ബുക്കലെ 83 മുതൽ 100 വരെ രസീതുകൾ | കൃഷി ഓഫീസർ |
| 2 | രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് കോപ്പി ഗുണഭോക്താക്കൾക്ക് നൽകുന്നില്ല. | 24457 നമ്പർ രസീത് ബുക്കിലെ 1 മുതൽ100 വരെ രസീതുകൾ | വി ഇ ഓ |

| | | | |
|---|---|---|---|
| 3 | രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. | 24457,24458 രസീത് ബുക്കുകൾ | വി ഇ ഓ |
| 4 | കാൻസൽ ചെയ്യുന്ന രസീതുകളിൽ തീയതി, കാൻസൽ ചെയ്യാനുള്ള കാരണം എന്നിവ രേഖപ്പെടുത്തുന്നില്ല. | 1/14051 | കൃഷി ഓഫീസർ |
| 5 | വിതരണം ചെയ്ത രസീതു ബുക്കുകൾ ഉപയോഗിക്കാതെ പുതിയ രസീത് ബുക്കുകൾ വിതരണം നടത്തി. | 21/4/21 വിതരണം നടത്തിയ 5555,5556,5557,5558 എന്നീ രസീതു ബുക്കുകൾ ഉപയോഗിക്കാതെ 24458 രസീത് ബുക്ക് പണംപിരിവിനായി വിതരണം നടത്തി. | വി ഇ ഓ |
| 6 | ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ കാൻസൽ ചെയ്യുന്നില്ല. | 24449 | സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/29.11.2022) കൃഷി ഓഫീസർ ,വി ഇ ഓ എന്നിവർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ലെന്ന മറുപടി നൽകി.രസീത് പരിപാലനത്തിലെ അപാകതകൾ ഓഡിറ്റ് ഗൗരവമായി നിരീക്ഷിക്കുന്നു.മാനുവൽ രസീതുകൾ ഉപയോഗിച്ചുള്ള പണംപിരവിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-12 ബാങ്ക് റീകൺസിലേഷൻ - അപാകതകൾ

1) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ചട്ടം 57 പ്രകാരം റീകൺസിലേഷൻ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

2)മേൽ ചട്ടങ്ങൾ പ്രകാരം ബാങ്ക് റീകൺസിലേഷൻ പത്രിക എല്ലാ മാസവും അഞ്ചാംതീയതിക്ക് മുമ്പായി തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 01.04.2022 മുതലുള്ള റീകൺസിലേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3)റീകൺസിലേഷൻ പത്രികയിൽ നടത്തിയ പരിശോധനയിൽ പത്രികയിലെ നീക്കിയിരിപ്പ് ബാങ്ക് ബുക്കിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബാങ്ക് അക്കൌണ്ട് | 31.03.2022 ലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 31.03.2022 ലെ റീകൺസിലേഷൻ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | തനത് ഫണ്ട് എസ് ബി ഐ | 11000922 | 1121109 |
| 2 | ടോട്ടൽ സാനിട്ടേഷൻ | 760100 | 730159 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/29.11.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ഗുണഭോക്തൃവിഹിതം അടവാക്കി- ഓഡിറ്റ് ഇംപാക്റ്റ്

വിവിധ പ്രോജക്ടുകളിലെ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിനായി കൃഷി ഓഫീസർക്ക് വിതരണം ചെയ്തിട്ടുള്ള 5560 നമ്പർ രസീത് ബുക്കിലെ 83 മുതൽ 99 വരെയുള്ള രസീത് ബുക്കുകൾ ഉപയോഗിച്ച് പണംപിരവ് നടത്തിയ 3157.50 രൂപ പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/29.11.2022) തുക അടവാക്കി രസീത് സഹിതം (122010451/29.11.2022) മറുപടി ലഭ്യമാക്കി. ഗുണഭോക്തൃവിഹിതം പിരവ് സംബന്ധിച്ച് കൃത്യമായ കണക്കുകൾ നിർവ്വഹണോദ്യോഗസ്ഥനും പഞ്ചായത്തും സൂക്ഷിക്കേണ്ടതും പണം അടവാക്കലിൽ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

1-14 വസ്തുനികുതി - തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(3) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ തറ നിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല. കെട്ടിട ഉടമ ലഭ്യമാക്കിയ ഫോറം 2 ലോ മറ്റ് രേഖകളിലോ തറ നിർമ്മിതി സംബന്ധിച്ച് പരാമർശമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിട നമ്പർ | ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച .മീ) |
|---|---|---|---|---|
| 1 | 9/ 364 A | റഹിം എ | പാർപ്പിടാവശ്യം | 268.73 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/28.11.22) ലഭ്യമാക്കിയ മറുപടിയിൽ സ്ഥലപരിശോധന നടത്തി ആവശ്യമെങ്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 നികുതിവരവിനങ്ങളിൽ വൻതുക കുടിശ്ശിക നിലനൽക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ 2148425രൂപ (1189329 തൻവർഷ കുടിശ്ശിക + 959096 മുൻവർഷ കുടിശ്ശിക) കുടിശ്ശികയുള്ളതായി കാണുന്നു. കൂടാതെ തൊഴിൽ നികുതിയിനത്തിൽ 12780/- രൂപ കുടിശ്ശികയുള്ളതായും കാണുന്നു. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/28.11.2022) ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചു. നികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-16 വസ്തുനികുതി പുനർനിർണ്ണയം -തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിലെ 300, 300A, 300 B, 300C, 300D, 300E എന്നീ കെട്ടിടങ്ങളുടെ

വസ്തുനികുതി പുനർനിർണ്ണയം സംബന്ധിച്ച ഫയലിൽ നിന്നും 2013-14 വർഷത്തിൽ നികുതി നിർണ്ണയിച്ച മേൽ കെട്ടിടത്തിന്റെ ഉടമസ്ഥത പുനർനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നടത്തിയ സ്ഥലപരിശോധനയിൽ മേൽ കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിർണ്ണയിച്ചതിലുമധികം തറവിസ്തീർണ്ണമുള്ളതായി ബോധ്യപ്പെട്ടതായി കാണുന്നു.120 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ളതായി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടം നിലവിൽ 366 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ളതാണെന്ന് പരിശോധനയിൽ നിന്നും വ്യക്തമായതായി ഫയലിൽ കാണുന്നു.കൂടാതെ ഇതേ സ്ഥലത്ത് തന്നെയുള്ള കെട്ടിടനമ്പർ 207 മുതൽ 217 വരെയുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിലും വ്യത്യാസങ്ങളുള്ളതായും പഞ്ചായത്ത് നടത്തിയ സ്ഥലപരിശോധനയിൽ നിന്നും വ്യക്തമായതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.തറവിസ്തീർണ്ണത്തിലുണ്ടായ മാറ്റങ്ങൾ പുതുതായി കൂട്ടിചേർക്കലുകളല്ലാത്തതിനാൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി 2013-14 മുതൽ പുനർനിർണ്ണയിക്കുന്നതിന് മേൽ കെട്ടിടങ്ങളുടെ അപ്രൂവ്ഡ് സ്റ്റാറ്റസ് സഞ്ചയയിൽ നിന്നും മാറ്റുന്നതിന് സഞ്ചയയിൽ പ്യൂരിഫിക്കേഷൻ സൌകര്യം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 06.11.2021 ൽ ഡയറക്ടർ പഞ്ചായത്തിന് A3-4700/2021 കത്ത് പ്രകാരം അപേക്ഷ നൽകിയിട്ടുള്ളതായും കാണുന്നു.ഈ വിഷയത്തിലുണ്ടായ തുടർനടപടികൾ, കെട്ടിടനമ്പർ 207 മുതൽ 217 വരെയുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിലേയും വ്യത്യാസങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/29.11.2022) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ചതായി അറിയിച്ചിരുന്നു. എന്നാൽ കെട്ടിട നമ്പർ 207 മുതൽ 217 വരെയുള്ള കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല. കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയ പരിശോധനയിൽ അപാകതകൾ പൂർണ്ണമായും പരിഹരിച്ചതായി കാണുന്നില്ല.അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി - റോഡ് മാസ്റ്റർ തയ്യാറാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയ പരിശോധനയിൽ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന റോഡുകളെ ഉൾപ്പെടുത്തി റോഡ് മാസ്റ്റർ തയ്യാറാക്കിയതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/28.11.2022) ലഭ്യമാക്കിയ മറുപടിയിൽ റോഡ് മാസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി നിർണ്ണയത്തിനുള്ള അടിസ്ഥാന രേഖയെന്ന നിലയിൽ റോഡ് മാസ്റ്റർ അടിയന്തരമായി തയ്യാറാക്കേണ്ടതും വസ്തുനികുതി നിർണ്ണയം റോഡ് മാസ്റ്ററിനെ അടിസ്ഥാനപ്പെടുത്തേണ്ടതുമാണ്.

## 1-18 കെട്ടിട വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ 11 -ാം വാർഡിലെ കെട്ടിടം 115 D മുതൽ O വരെയുള്ള കെട്ടിടങ്ങൾ (ഉടമസ്ഥത – ശ്രീ ടി ഐ ശശിധരൻ, തേവരോലിൽ) വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമത്തിൽ നികുതിനിർണ്ണയം നടത്തിയവയാണ്. എന്നാൽ 115 H എന്ന കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി നികുതി നിർണ്ണിയിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/29.11.2022) ലഭ്യമാക്കിയ മറുപടിയിൽ ഈ നമ്പറിൽ കെട്ടിടം നിലവിലില്ലെന്നും ഡാറ്റാ എൻട്രിയിലെ അപാകതയാണ് ഇങ്ങനെയൊരു രേഖപ്പെടുത്തൽ ഉണ്ടായതെന്നും അറിയിച്ചു. ഇല്ലാത്ത കെട്ടിടത്തിന് നമ്പർ നൽകുന്ന രീതി ക്രമപ്രകാരമല്ല. സഞ്ചയിലെ ഡേറ്റ പ്യൂരിഫിക്കേഷൻ കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-19 തൊഴിൽ നികുതി അടവാക്കിയില്ല.

2021-22വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | അക്ഷയ കേന്ദ്രം | 1,2 |
| 2 | ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | 1,2 |
| 3 | ഫാമിലി ഹെൽത്ത് സെൻ്റർ അയ്മനം | 2 |
| 4 | കൃഷിഭവൻ അയ്മനം | 2 |
| 5 | കാനറ ബാങ്ക് പരിപ്പ് | 2 |
| 6 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് കുടയംപടി | 2 |
| 7 | ഗവ.അപ്പർ പ്രൈമറി സ്കൂൾ കുടയംപടി | 1,2 |
| 8 | സെൻ്റ് ല്യൂഗി സ്കൂൾ മര്യാത്തുരുത്ത് | 2 |
| 9 | ഗവ.ഹൈസ്കൂൾ ഫോർ ബ്ലൈൻഡ് ഒളശ്ശ | 2 |
| 10 | കോക്കോനട്ട് ലഗൂൺ ആയുർവേദ ട്രീറ്റ്മെൻ്റ് സെൻ്റർ | 2 |
| 11 | മോസ്സസ് ഡെൻ്റൽ ക്ലിനിക് കുടയംപടി | 2 |
| 12 | റിലയൻസ് എസ്എംഎസ്എൽ ലിമിറ്റഡ് റീടെയിൽ കുടയംപടി | 2 |
| 13 | സിഎംഎസ് യുപി സ്കൂൾ അയ്മനം | 1,2 |
| 14 | ഹോളിക്രോസ് സ്കൂൾ അയ്മനം | 2 |
| 15 | കിമ്സ് ഹോസ്പിറ്റൽ കോട്ടയം | 2 |
| 16 | പോസ്റ്റ് ഓഫീസ് പുലിക്കാട്ടുശ്ശേരി, അയ്മനം, ഒളശ്ശ, മര്യാത്തുരുത്ത് | 2 |
| 17 | മാഞ്ചസ് എൻ്റർപ്രൈസസ് | 2 |
| 18 | എച്ച് ഡി എഫ് സി ബാങ്ക് കുടമാളൂർ | 2 |
| 19 | റോയൽ റിവേര റിസോർട്ട് | 1,2 |
| 20 | ഗവ.ബി എഡ് കോളേജ് കുടമാളൂർ | 1,2 |
| 21 | കള്ളുഷാപ്പുകൾ നം.40,47,49,54,55 | 2 |

കൂടാതെ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2021-22 രണ്ട് അർദ്ധവാർഷികങ്ങളിലും

സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1 | കാനറ ബാങ്ക് പരിപ്പ് |
| 2 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് കുടയംപടി |
| 3 | അയ്മനം സഹകരണ ബാങ്ക് നം 315 വിവിധ ശാഖകൾ |
| 4 | കൊശമറ്റം ഫിനാൻസ് അയ്മനം |
| 5. | എസ് ബി ഐ അയ്മനം |
| 6. | മൂത്തൂറ്റ് ഫിനാൻസ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/28.11.2022) ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചു.നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കുത്തകാവകാശം വാടകയ്ക്ക് ഏറ്റെടുത്തിട്ടുള്ളതുമായ സ്ഥാപനയുടമകൾ പഞ്ചായത്ത് നൽകുന്ന ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ നടത്തി വരുന്നുവെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും വ്യക്തമായി. ആകെ വാടകയ്ക്ക് കൊടുത്ത 13മുറികളിൽ 3 മുറികളുടെ കുത്തകക്കാർ മാത്രമാണ് ലൈസൻസെടുത്തിട്ടുള്ളതായി കാണുന്നത്. ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന വിവരം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-27(1)28.11.22) സർക്കാർ ലൈസൻസ് പുതുക്കുന്നതിന് സാവകാശം അനുവദിച്ചെന്നും തുടർ വർഷങ്ങളിൽ ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളും 1996ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കേണ്ടതാണ്.ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ മുൻവർഷത്തേക്കാൾ 13 സ്ഥാപനങ്ങൾ കുറവാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര വാണിജ്യ സ്ഥാപനങ്ങളെയും സ്ഥിതി വിവരകണക്ക് ശേഖരിച്ച് വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | സുമിത കെ.എസ്.സരളഭവൻ | 13/369 |
| 2 | ശോഭന കെ.ആർ., പാലത്താറ്റിൽ | 13/371 |
| 3 | ഉഷ പ്രകാശൻ, കിഴക്കേച്ചിറ | 13/372 |
| 4 | റെയ്മോൻ ജോസഫ്, മണലിൽ, പുലിക്കുട്ടിശേരി | 13/398 |
| 5 | പ്രസിഡന്റ്, ക്രിസ്ത്യൻ സ്വയം സഹായ | 4/399 |

| | | |
|---|---|---|
| | സംഘം | |
| 6 | ബിനോയ് ജേക്കബ്, വലിയപറമ്പിൽ | 4/400 |
| 8 | കുഞ്ഞുമോൻ, കഞ്ഞിപ്പടവിൽ | 4/402 |
| 9 | റെജിമോൾ, കഞ്ഞിപ്പടവിൽ | 4/403 |
| 10 | പ്രസിഡന്റ്, ക്രിസ്ത്യൻ സ്വയം സഹായ സംഘം | 4/404 |

1-21 ക്ഷീരോൽപ്പാദക സംഘങ്ങൾ കള്ളുഷാപ്പുകൾ എന്നിവ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷീരോദ്പ്പാദന സഹകരണ സംഘങ്ങൾ, കള്ളു ഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. ടി വിവരം മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (27(2)/28.11.22) ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടന്ന് മറുപടി ഹാജരാക്കി. ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1.കുടമാളൂർക്ഷീരവ്യവസായകോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

2.വല്യാട് ക്ഷീരോദ്പാദക സഹകരണ സംഘം.

3.T.S.No.58- കുടയംപടി

4.T.S.No.54-പരിപ്പ് നോർത്ത്

5.T.S.No.53

6.T.S.No.55-അലക്കുകടവ്

1-22 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. 31/03/2022 ലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100115 | കേന്ദ്രാവിഷ്കൃത പദ്ധതി – സമ്പൂർണ്ണ ശുചിത്വയജ്ഞം | 760100 |
| 2 | 320100121 | കേന്ദ്രാവിഷ്കൃത പദ്ധതി- ഐ.സി.ഡി.എസ് | 1478039 |
| 3 | 320100116 | സർവ്വ ശിക്ഷ അഭയാൻ | 73347 |
| 4 | 320100126 | പൈക്ക | 70120 |
| 5 | 320100299 | കേന്ദ്ര സർക്കാരിൽ നിന്നുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്- | 367477 |
| 6 | 320200302 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 1752000 |

| | | | |
|---|---|---|---|
| 7 | 320200309 | ലിറ്ററസി സ്കീം ഗ്രാന്റ് | 11564 |
| 8 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 1206832 |
| 9 | 320300102 | ജലനിധി | 8031533 |
| 10 | 320700104 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ബ്ലോക്ക് പഞ്ചായത്ത് | 227427 |
| 12 | 320700205 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 3201142 |
| 13 | 320700405 | സ്പെസിഫിക്ക് പർപ്പസ് പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 211441 |
| 14 | 320800101 | ബെനിഫിഷറി കോൺട്രിബ്യൂഷൻ | 1105751 |
| 15 | 320900299 | സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച അവാർഡ് | 105223 |
| 16 | 320900399 | മറ്റവാർഡ് | 200000 |

പ്രത്യേക ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ തുകകൾ ലഭിച്ച വർഷം, ആവശ്യം, ചെലവഴിക്കാത്തതിന്റെ കാരണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കൂടാതെ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിൽ ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാർ ഉത്തരവ് നം.7/2017/ഫിൻ 27.01.2017 ന്റെ ലംഘനമാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ പരാമർശിച്ചെങ്കിലും നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-23 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

വിവിധ നിർവ്വഹണോദ്യോഗസ്ഥർ, നിർവ്വഹണ ഏജൻസികൾ എന്നിവയ്ക്ക് നൽകുന്ന തുകകൾ മുൻകൂറായി വാർഷികകണക്കുകൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ശീർഷകം | വിവരണം | തുക |
|---|---|---|
| 460100103 | ടെമ്പററി അഡ്വാൻസ് | 59340 |
| 460100199 | മറ്റ് അഡ്വാൻസ് | 295550 |
| 460500202 | KSEB | 4437011 |
| 460500205 | PWD | 1740000 |
| 460500399 | മറ്റ് ഏജൻസികൾക്ക് നൽകിയ മുൻകൂർ | 1706064 |
| 460500401 | നിർമ്മിതി കേന്ദ്രത്തിന് നൽകിയ മുൻകൂർ | 50000 |
| 460500412 | IRTC ക്ക് നൽകിയ മുൻകൂർ | 300000 |
| 460500501 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ | 1078876 |
| 460509901 | മറ്റുള്ളവർക്ക് നൽകിയ മുൻകൂർ | 1727603 |
| | ആകെ | 11394444 |

ഗ്രാമപഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ആകെ 11394444/- രൂപ വിവിധ ഇനങ്ങളിലായി മുൻകൂർ, നിക്ഷേപ പ്രവൃത്തികൾ എന്നിവയ്ക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. മുൻകൂറിന്റെ മുന്നിരിപ്പ്, 2021-22 വർഷത്തെ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം ചേർത്ത് മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുൻകൂറുകളും ഡെപ്പോസിറ്റ് പ്രവൃത്തികളും കൃത്യമായ ക്രമീകരണം നടക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. വിവിധ ഏജൻസികളിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഏത് കാലയളിവിലേതാണ് എന്നോ പ്രോജക്ടുകൾ പൂർത്തിയായി ക്രമീകരിക്കാൻ അവശേഷിക്കുന്നതാണോ എന്നതിൽ വ്യക്തതയില്ല.

തൻവർഷം വിവിധ പ്രോജക്ടുകൾ പ്രകാരം നിക്ഷേപിച്ച തുകകൾ നിക്ഷേപമായി അക്കൗണ്ട് ചെയ്തിട്ടില്ല. മുൻകൂറുകൾ നൽകുന്നതിലും ക്രമീകരണത്തിലും കൃത്യമായ രേഖകൾ സൂക്ഷിക്കാതിരുന്നതിനാൽ ഇടപാടുകളുടെ ആധികാരികതയിലും അവ്യക്തത നിലനിൽക്കുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്.

## 1-24 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത് പാലിച്ചിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു.
ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 മുതലുള്ള ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്. ഇതിൽ നിന്നും വാടക ഡെപ്പോസിറ്റ് ഒഴികെയുള്ളതും കാലാവധികഴിഞ്ഞതുമായ ഡെപ്പോസിറ്റുകൾമുതൽക്കൂട്ടാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 സർക്കാർ ഡ്യൂസ് അടച്ചിട്ടില്ല

വാർഷികകണക്ക് B9 ഷെഡ്യൂളിൽ താഴെപറയുന്ന ശീർഷകത്തിൽ സർക്കാരിലേക്ക് അടയ്ക്കാനുള്ള തുകകൾ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്

| ക്രമ നമ്പർ | ശീർഷകം | വിവരണം | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 350300103 | സർക്കാർ ഡ്യൂസ് - വാറ്റ് | 27600 | വാറ്റ് |
| 2 | 350300199 | സർക്കാർ ഡ്യൂസ്-മറ്റിനം | 277606 | സാമൂഹ്യ സുരക്ഷ പെൻഷൻ തിരിച്ചടച്ച തുക |
| 3 | 350800119 | ലയബിലിറ്റി ഫോർ പ്രോഗ്രാം എക്സ്പെൻഡിച്ചർ | 265404 | ലൈഫ് ഹൗസിങ്ങ് സ്കീമിൽ ലഭിച്ച വീട് വിൽപ്പനയ്ക്ക് ശേഷം ഇൻസ്റ്റാൾമെന്റ് തുക പലിശ |

| | | | | ഉൾപ്പെടെ |
|---|---|---|---|---|

സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. തുകകൾ അതാത് ശീർഷകങ്ങളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 വായ്പ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ലൈഫ് ഭവനപദ്ധതിക്കായി എടുത്ത വായ്പ കണക്കുകൾ അക്കൗണ്ട് ചെയ്യുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. വാർഷികകണക്കുകൾ RP-32 പ്രകാരം 2540000 രൂപയാണ് വായ്പ എടുത്തിട്ടുള്ളത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 2280000 രൂപയാണ് ലോൺ ഇനത്തിൽ KURDFC ൽ നിന്നും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. (എസ് ബി ഐ അയ്മനം അക്കൗണ്ട് ) വി ഇ ഒ നിർവ്വഹണോദ്യഗസ്ഥനായി നടപ്പാക്കിയ ലൈഫ് ഭവനപദ്ധതി പ്രോജക്ടുകൾ പ്രകാരം ലോണിൽ നിന്നും 1840000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (സുലേഖ ചെലവ് പത്രിക പ്രകാരം)

2.വാർഷികകണക്കുകൾ പ്രകാരം 29608365രൂപ ലോൺ തിരിച്ചടയ്ക്കാനുള്ളതായി കാണുന്നു (B5 Schedule- Secured Loans ) എന്നാൽ പ്രിപെയ്ഡ് എക്സ്പെൻസ് ഇനത്തിൽ 28588365 രൂപയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ലോൺ ബാലൻസിൽ തെറ്റായി രേഖപ്പെടുത്തിയ 58000/- രൂപയും ചെലവഴിക്കാത്ത 440000/- രൂപയുമാണ് വ്യത്യാസത്തിന് കാരണം.

3.പഞ്ചായത്ത് ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വായ്പ കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല

വായ്പാ കണക്കുകളുടെ അപാകതൾ രേഖാമൂലം വിശദീകരിക്കണമെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിനുള്ള (37/29.11.2022) മറുപടിയിൽ 32000/- രൂപ 330500201 എന്ന ശീർഷകത്തിനുപകരം 440500101 എന്ന ശീർഷകത്തിൽ രസീതു ചെയ്യുകയും സ്റ്റേറ്റ് ഷെയർ ഇനത്തിൽ വന്ന 580000/- രൂപ ലോൺ വരവായി രേഖപ്പെടുത്തിയതിനാലാണ് വ്യത്യാസം വന്നത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 2280000/- രൂപയാണ് 2021-22 വർഷം ലഭിച്ചതെന്നും ഇതിൽ 1840000/- രൂപ 2021-22 വർഷം വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കി തുക 2022 ഏപ്രിൽ മാസം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നും വി ഇ ഒ അറിയിച്ചിട്ടുണ്ട്. 260000/- രൂപ അധികമായി റെസീറ്റ് ചെയ്തതിനാൽ വായ്പാകണക്കുകൾ (ലോൺ തിരിച്ചടവ് ഉൾപ്പെടെ) യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. അപാകത തുടർവർഷം പരിഹരിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കിയില്ല

സ. ഉ. (കൈ) നം. 11/ത.സ്വ.ഭ.വ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/ 2009/ത.സ്വ.ഭ.വ, തീയതി 13.10.2010

ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

1. അസറ്റ് മാനേജ്മെന്റ് മാന്വൽ പാലിക്കുന്നില്ല

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 20.01.2017 ലെ ജി. ഒ. (ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനു വേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതു കൊണ്ടു തന്നെ ഇപ്രകാരമുള്ള ഒരു രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു.

ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

2.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചതായി കാണുന്നില്ല .

വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (25/28.11.2022) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തുടർവർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കി. ആയത് പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-28 സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റിയത് -സംബന്ധിച്ച്.

സാമൂഹ്യസുരക്ഷാ വകുപ്പിന്റെ 23.09.2020-ലെ സ.ഉ.(എം.എസ്) നം.97/2020/ധന പ്രകാരം

അനർഹമായതോ മരണപ്പെട്ടതോ ആയ ഗുണഭോക്താക്കളെ പെൻഷൻ കൈപ്പറ്റുന്നതിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന വ്യക്തികൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി കാണുന്നു.

| ക്രമ നം. | പേരും വിലാസവും | പെൻഷൻ ഐ.ഡി.നം. | കൈപ്പറ്റിയ തുക | മരണം നടന്ന തീയതി | നോട്ടീസ് നം. |
|---|---|---|---|---|---|
| 1 | ജോയ് മാത്യു<br>മഴവക്കാട്ട് വീട്<br>വട്ടക്കോട്ട<br>മര്യാത്തുരുത്ത്.പി.ഒ | 105130202259 | 3200 | 27.03.22 | A2/3469/21<br>Dt.14.07.22 |
| 2 | കോമളവല്ലി<br>പാർവ്വതീമന്ദിരം<br>ഒളശ്ശ.പി.ഒ | 105130201089 | 4800 | 24.11.21 | " |
| 3 | ശോശാമ്മ കുര്യൻ<br>പറമ്പിൽ<br>ഒളശശ്ശ.പി.ഒ | 105130202086 | 9600 | 27.11.21 | " |
| 4 | അന്ന മത്തായി<br>മാന്തറ<br>മര്യാത്തുരുത്ത്<br>.പി.ഒ | 105130100834 | 9600 | 02.08.21 | " |
| 5 | തങ്കപ്പൻ<br>കൊണ്ടാട്ട്<br>വാഴക്കാമറ്റം<br>അയ്മനം.പി.ഒ | 105130200445 | 1600 | 24.01.22 | " |

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.43/29.11.2022) നൽകുകയുണ്ടായി. തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ്.

1-29 വിവിധ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ-മരുന്ന് ലഭ്യമായില്ല.

A)നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ

| | |
|---|---|
| പ്രോജക്ടിന്റെ പേര് &നമ്പർ | ജീവിതശൈലീരോഗങ്ങളുടെ പരിശോധന |
| പ്രോജക്ട് നമ്പർ | S 0031-22 |
| അടങ്കൽ | 100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 99972 |

| | |
|---|---|
| ബിൽ നം.തീയതി & തുക | 24/24.01.2022, 99972/- |

B) നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 32/21-22 | |
| പ്രോജക്ടിന്റെ പേര് | പി എച്ച് സിക്ക് മരുന്നു വാങ്ങൽ | |
| അടങ്കൽ | 100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | |
| ചെലവ് | 100000/- റോഡിതര സംരക്ഷണ ഗ്രാന്റ് | |
| ബിൽ നം.തീയതി & തുക | 26/24.01.2022 | 100000/- |

മേൽ പ്രോജക്ടുകൾ പ്രകാരം മരുന്നു വാങ്ങാനായി 199972/- രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല. അതിനാൽ 199972/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത ശേഷം വിവരം അറിയിക്കേണ്ടതാണ്.

1-30 പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിഗ്രാമപഞ്ചായത്ത് വെള്ളക്കരം അടവാക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | തുക |
|---|---|
| 6/22 പൊതുടാപ്പുകളുടെ വെള്ളക്കരം അടവ് | 642264മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 138/22പൊതുടാപ്പുകളുടെ വെള്ളക്കരം അടവ് | 642264ധനകാര്യകമ്മീഷൻ ഗ്രാന്റ് |

പഞ്ചായത്തിൽ 233 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം107044രൂപ വീതം 1284528രൂപ അടവാക്കിയിട്ടുണ്ട് .

കേരള വാട്ടർ അതോറിറ്റി ഉപയോഗശൂന്യമായ ടാപ്പുകൾക്ക് തുക ഈടാക്കുന്നത് പരിഹരിക്കുന്നതിന് സെക്രട്ടറിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റി പ്രതിനിധി, പഞ്ചായത്തിലെ മറ്റു പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ ടാപ്പുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും വകുപ്പുതലത്തിൽ നിർദ്ദേശമുണ്ടായിരുന്നെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി നിലവിലെ ഡിമാന്റ് തുകയുടെ കൃത്യത ഉറപ്പാക്കി നടപടി സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

കൂടാതെ 12/21 മുതൽ 3/22 വരെയുള്ള നാല് മാസങ്ങളിലെ വെള്ളക്കരം മുൻകൂറായി വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട് (വൗച്ചർ നമ്പർ-22100905/3.12.21 തുക 428176). മുൻകൂറായി വെള്ളക്കരം അടവാക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (15/27.11.2022) നിലവിൽ ടൈഡ് ഫണ്ട് വകയിരുത്തിയാണ് വെള്ളക്കരം അടവാക്കുന്നതെന്നും ഇഗ്രാംസ്വരാജ് വഴി ബില്ല് പാസ്സാക്കാൻ താമസം വരുന്നതിനാലാണ് മുൻകൂറായി

തുക അടവാക്കിയെന്ന് മറുപടി ലഭ്യമാക്കി. ബില്ല് പാസാകാൻ താമസം വരുന്നതിനാലാണ് നാലുമാസത്തെ വെള്ളക്കരം മുൻകൂറായി അടച്ചതെന്ന മറുപടി അംഗീകരിക്കുന്നില്ല. മുൻകൂറായി സർക്കാർ ഫണ്ട് പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്യുന്നത് ജി ഒ പി 177/2006/ 12/04/2006ന്റെ ലംഘനമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവുവിളക്കുകളുടെ പരിപാലനം/സ്ഥാപിക്കൽ എന്നീ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | തുക |
|---|---|
| 5/22 സ്ട്രീറ്റ് ലൈറ്റ് -അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 200000 (തനത് ഫണ്ട്) |
| 179/22 സ്ട്രീറ്റ് ലൈറ്റ് -അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 350000 (തനത് ഫണ്ട്) |

മേൽ പ്രോജക്ടുകൾ പ്രകാരം യുണൈറ്റഡ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും സ്ട്രീറ്റ് ലൈറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അഭാവം മൂലം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുടെ കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കണമാണെന്ന് ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം.18/27.11.2022) പഞ്ചായത്തിലെ പോസ്റ്റുകളുടെ നമ്പർ സോഫ്റ്റ് കോപ്പിയായി സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സോഫ്റ്റ് കോപ്പി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാം സ്ഥാപിക്കേണ്ട വിളക്കുകളുടെയും അനുബന്ധ സാമഗ്രികളുടെയും വിശദാംശങ്ങൾ അടങ്ങുന്ന എസ്റ്റിമേറ്റ് റിപ്പോർട്ടും തയ്യാറാക്കുന്നില്ല. ആവശ്യകതാ നിർണ്ണയം നടത്താതെ ഓരോ വർഷവും തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുന്ന നടപടി ക്രമപ്രകാരമല്ല. ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി 2-44274/15 പൊതു മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചും നടപ്പാക്കേണ്ടതാണ്.

## 1-32 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- കരാറിലേർപ്പെടാതെ തുക കൈമാറി

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ വലിക്കൽ പദ്ധതിക്കായി നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റനുസരിച്ചുള്ള തുക അടവാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഏജൻസിയുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

| ക്രമനം | പ്രോജക്ട് | തുക ഡെപ്പോസിറ്റ്ചെയ്തിട്ടുള്ള സ്ഥാപനം | കൈമാറിയ തുക | ബിൽ നമ്പർ | നിർവ്വഹണം |
|---|---|---|---|---|---|
| | | | | | |
| 1. | 269/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ എസ് ഇ ബി അയ്യനം | 438986 | | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| 2 | 275/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ തുക അടവാക്കുന്നത് | കെ എസ് ഇ ബി അയ്യനം | 160423 | | സെക്രട്ടറി |
| 3 | 185/22പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | കെ എസ് ഇ ബി അയ്യനം | 132593 | | സെക്രട്ടറി |
| | ആകെ | | 732007 | | |

ക്രമ നമ്പർ 1,2 എന്നിവയിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടില്ല. ക്രമ നമ്പർ 3ൽ പരാമർശിക്കുന്ന വിവിധ പോസ്റ്റുകൾ മാറ്റി പ്രവൃത്തി പൂർത്തികരിച്ചതായി ഫയലിൽ വ്യക്തമല്ല. നിയമാനുസരണം കരാർ ചമയ്ക്കാതെ നിർവ്വഹണ ഏജൻസിക്ക് തുക കൈമാറിയതു സംബന്ധിച്ചും മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/27.11.2022), ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും തുക ലാപ്സായി പോകാതിരിക്കുന്നതിന് വളരെ വേഗം ചെയ്യുന്ന പ്രവൃത്തികളായതിനാലാണ് കരാറിലേർപ്പെടാതിരുന്നതെന്നും അറിയിച്ചു.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.2 (ഡി) - (lv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട തുടർ നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് . എന്നാൽ ഈ വിഷയത്തിൽ തുടർ നടപടികൾ സെക്രട്ടറി സ്വീകരിച്ചതായി കാണുന്നില്ല .

പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 732007/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചു.

1. പാടശേഖരങ്ങൾക്ക് സ്ഥിരം വൈദ്യുതി കണക്ഷൻ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | -191/22,36/22 |
| പ്രോജക്റ്റ് | പാടശേഖരങ്ങൾക്ക് സ്ഥിരം വൈദ്യുതി കണക്ഷൻ |
| ചെലവ് | 25666/-(ചെക്ക്നം-530679/18.10.21 (തനത് ഫണ്ട്)<br>34032/-(ചെക്ക്നം.-062942/25.11.2021 (തനത് ഫണ്ട്) |

മേൽ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിലെ മൂന്ന് പാടശേഖരങ്ങൾക്ക് (1. മള്ളൂർ പാടം പാടശേഖരം, 2. മള്ളൂർ പാടം പാടശേഖരം, കനാട്ട് കടവ്, പാണ്ടവം, 3. തട്ടോർകണ്ടം) )വൈദ്യുതി കണക്ഷൻ നൽകുന്നതിനായി 59,698/-രൂപ തനത് ഫണ്ടിൽനിന്ന് കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ (സ.ഉ(കൈ) നം-11/2018 /തസ്വഭവ,തീയതി29.01.2018) കൃഷി വികസനത്തിന് ഇപ്രകാരം ഒരു പ്രോജക്ട് തയ്യാറാക്കി തുക

ചെലവഴിക്കാൻ പ്രതിപാദിച്ചിട്ടില്ല . മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പ്രോജക്ട് തയ്യാറാക്കിയതിന് പ്രത്യേക ഉത്തരവുണ്ടെങ്കിൽ ഹാജരാക്കാനും തുക വിനിയോഗിച്ചതിന്റെയും കണക്ഷൻ ലഭ്യമായതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-27/28.11.22) മൂന്ന് പാടശേഖരങ്ങൾക്കും കറന്റ് കണക്ഷൻ ലഭ്യമായന്ന് മറുപടി ഹാജരാക്കി. ഇപ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചതിന് പ്രത്യേക ഉത്തരവുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

2.പാടശേഖരങ്ങൾക്ക് ബണ്ട് നിർമ്മാണം-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 113/22 |
| പ്രോജക്റ്റ് | പാടശേഖരങ്ങൾക്ക് ബണ്ട് നിർമ്മാണം |
| ചെലവ് | 600,000/- (വികസന ഫണ്ട്) |
| ബിൽ നം | 15/21-22/04.03.22 |

പഞ്ചായത്തിലെ 15 പാടശേഖര സമിതികൾക്ക് മേൽ പ്രോജക്ട് പ്രകാരം ബണ്ട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രവർത്തി പൂർത്തികരിച്ചതിനുശേഷം പാടശേഖരസമിതികൾ ഹാജരാക്കിയ ചെലവ് വൗച്ചറുകൾ എ ഇ സാക്ഷ്യപ്പെടുത്തിനൽകിയതിന്റെ അടിസ്ഥാനത്തിൽ പാടശേഖര സമിതിയുടെ അക്കൗണ്ടുകളിലേക്ക് തുക നൽകിയിരിക്കുന്നു. എന്നാൽ ടി പ്രവർത്തി മരാമത്ത് സ്വഭാവമുള്ളതിനാൽ വിശദമായ എസ്റ്റിമേറ്റ്, പ്രവർത്തി സംബന്ധിച്ച അളവ് രേഖപ്പെടുത്തലുകൾ എന്നിവ നടത്തിയതായി ഫയൽ പരിശോധനയിൽ കാണുന്നില്ല. പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ (സ.ഉ(കൈ) നം-11/2018 /തസ്വഭവ, തീയതി 29.01.2018) കൃഷി വികസനത്തിന് ഇപ്രകാരം ഒരു പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിക്കാൻ പ്രതിപാദിച്ചിട്ടില്ല . ഈ സാഹചര്യത്തിൽ ഇപ്രകാരം മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പ്രോജക്ട് തയ്യാറാക്കിയതിന് പ്രത്യേക ഉത്തരവ്/ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-27(2)/28.11.22) മറുപടി ലഭിച്ചില്ല. ഇപ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചതിന് പ്രത്യേക ഉത്തരവുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

1-34 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ- ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ | 80/22 |
| ചെലവ് | 180000/- വികസനഫണ്ട് എസ്.സി.പി |
| ബിൽ നമ്പർ, തീയതി | 2/10.1.22 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വിതരണം 36 വിദ്യാർത്ഥികൾക്ക് മേശയും കസേരയും ആർട്ട്കോ കോട്ടയത്ത് നിന്നും വാങ്ങിനൽകിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ കെ.റ്റി.എം 132/16.12.21). ആയതിൽ ചുവടെ ചേർക്കുന്ന വിദ്യാർത്ഥികളുടെ പേര് ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ടതായി കാണുന്നില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥി | വാർഡ് |
|---|---|---|
| 1 | മിഥുൽ കെ.ജെ, കലാപ്പള്ളികിഴക്കേതിൽ | 16 |
| 2 | സൂരജ് സുനീഷ് , നല്ലവാക്കാൽ | 5 |
| 3 | അഞ്ജലി കെ.എ , കളമ്പുകാട്ട്ശ്ശേരി | 2 |

| | | |
|---|---|---|
| 4 | ഇന്ദ്രജിത്ത് കാട്ടിൽപറമ്പിൽ | 13 |
| 5 | അയനജീമോൻ, കുന്നമത്ര | 4 |
| 6 | ഗൌരി ശങ്കർ കണ്ടത്തിൽ | 15 |
| 7 | അഭിഷേക് തോമായിപ്പറമ്പിൽ | 7 |
| 8 | ആതിരാ പ്രശാന്ത് പതിമറ്റം | 5 |
| 9 | വൈഗ കൊട്ടുവത്രച്ചിറ | 14 |
| 10 | ശ്രീദേവ് പി.എസ്, കെ.സി.എം കോളനി | 19 |
| 11 | മഹിമ അനീഷ് തട്ടേൽച്ചിറ | 20 |
| 12 | അഥീനസതീഷ് , കൊച്ചുവട്ടയ്ക്കാട് | 4 |
| 13 | അർഷിതലാൽ പുത്തൻപുരയിൽ | 4 |
| 14 | ശ്രീരൂപ് കുമ്മിണിപത്തിൽ | 2 |
| 15 | അദ്വൈത് രാജേഷ് മുട്ടേൽ ലക്ഷംവീട് | 3 |
| 16 | അശ്വിനി സുരേഷ് മാളികയിൽ | 18 |
| 17 | വൈഷ്ണ കൊട്ടുവത്രച്ചിറ | 14 |
| 18 | അഭിനന്ദ, അഭിനന്ദഭവൻ | 20 |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ30/28.11.2022) അടുത്ത ഗ്രാമസഭയിൽ ടി വിദ്യാർത്ഥികളുടെ പേര് വിവരം സാധൂകരിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയത്. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതുവരെ 90000/- (18 X 5000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 പോത്ത്കുട്ടി വിതരണം (ജനറൽ) - വരുമാന പരിധി പരിശോധിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 106/22 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | പോത്ത്കുട്ടി വിതരണം<br>വികസനഫണ്ട് ( ജനറൽ) |
| ചെലവ് | 480000/-<br>480000/- ഗുണഭോക്തൃവിഹിതം |
| ബിൽ നമ്പർ, തീയതി | 6/19.11.21<br>10/29.1.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ജനറൽ വിഭാഗത്തിൽ പെടുന്ന 60 ഗുണഭോക്താക്കൾക്ക് പോത്തുകുട്ടികളെ വാങ്ങിയതിന് 8000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് (യൂണിറ്റ് കോസ്റ്റ് 16000 ). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം പോത്തുകുട്ടികളെ വളർത്തൽ പദ്ധതിക്ക് ജനറൽ/പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | വാർഡ് |
|---|---|---|
| 1 | പ്രീജാ പ്രകാശ്, കോലടിച്ചിറ | 1 |
| 2 | ഷബ്ന റെജി, കമ്പിച്ചിറ | |
| 3 | ശ്രീലത പി, ചെറുതോട്ടത്തിൽ | |

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 8/26.11.2022) നൽകുകയുണ്ടായി. വരുമാനം കുറവുള്ള പി.റ്റി.എസ് വിഭാഗത്തിലുള്ള ജീവനക്കാർക്കാണ് ആനുകൂല്യം നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത്തരം സാഹചര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥ ഗുണഭോക്താവിന്റെ വരുമാനം സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-36 പോത്ത്കുട്ടി വിതരണം (എസ്.സി.പി) - വരുമാന പരിധി പരിശോധിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 107/22 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | പോത്ത്കുട്ടി വിതരണം<br>വികസനഫണ്ട് (എസ്.സി.പി ) |
| ചെലവ് | 120000/-<br>72000/- ഗുണഭോക്തൃവിഹിതം |
| ബിൽ നമ്പർ, തീയതി | 7/19.11.21<br>9/29.1.22 |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

എസ്.സി വിഭാഗത്തിൽ പെടുന്ന 12 ഗുണഭോക്താക്കൾക്ക് പോത്തുകുട്ടികളെ വാങ്ങിയതിന് 10000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് ( യൂണീറ്റ് കോസ്റ്റ് 16000 ). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം പോത്തുകുട്ടികളെ വളർത്തൽ പദ്ധതിക്ക് ജനറൽ/ പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ശ്രീമതി സജിനി പി.എ, വിരുത്തിക്കോട് എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. ഗുണഭോക്താവ് താൽക്കാലിക ജീവനക്കാരിയാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/26.11.2022 ) ലഭിച്ച മറുപടി. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകളോ വരുമാനം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥയുടെ സാക്ഷ്യപത്രമോ ഇത്തരം സംഗതികളിൽ ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-37 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പദ്ധതി നടപ്പിലാക്കിയില്ല

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോടു കൂടിയ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21 വർഷം 352/21 ആയി 1400000/- രൂപയുടെ പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. ടി വർഷം നടപ്പാക്കാത്തതിനാൽ 2021-22 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രോജക്ട് (189/22) ടെണ്ടർ നടപടികളിലൂടെ ജാബിർ മേത്തർ എന്ന കരാറുകാരനെ ഏൽപ്പിച്ചിരുന്നെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. പ്രോജക്ട് നടപ്പാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ അന്വേഷണക്കുറിപ്പിന് കവണാറ്റിൻകരയിൽ നിലവിലുള്ള പിഡബ്ല്യുഡി പാലത്തിനോട് ചേർന്നാണ് നിർമ്മാണം ഉദ്ദേശിച്ചിരുന്നെന്നും എന്നാൽ പിഡബ്ല്യുഡിയിൽ നിന്നും ലഭ്യമായ എൻ ഒ സി യിൽ പാലത്തിന്റെ കൈവരിയിൽ നിന്നും ഒരു മീറ്റർ വിട്ടുമാറിമാത്രം നിർമ്മാണം നടത്താൻ നിർദ്ദേശിച്ചിരുന്നതിനാൽ സ്ഥലപരിമിതി മൂലം നിർമ്മാണം നടത്താൻ സാധിക്കാതെ

വന്നവെന്നും തുടർ വർഷം അനുകൂലമായ സ്ഥലം ലഭിക്കുകയാണെങ്കിൽ പദ്ധതി നടപ്പാക്കാനാവുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കി. സ്ഥലലഭ്യത പോലും ഉറപ്പാക്കാതെ പ്രോജക്ട് തയ്യാറാക്കുന്നതിനാലാണ് ടെണ്ടർ നടപടികൾ വരെ പൂർത്തീകരിച്ച പ്രോജക്ടുകൾ നടപ്പാക്കാനാവാത്ത സാഹചര്യം ഉണ്ടാകുന്നത് . ശുചിത്വ മിഷനിൽ നിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടും പദ്ധതിയ്ക്കായി സ്ഥലം കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിട്ടില്ല. ആയതിന് നടപടി സ്വീകരിച്ച് പദ്ധതി നടപ്പിലാക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ ഈ ആവശ്യത്തിനായി ലഭിച്ച ശുചിത്വ മിഷൻ ഫണ്ട് തിരിച്ചടയ്ക്കേണ്ടതാണ്.

1-38 പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രം നിർമ്മാണം തുക നൽകൽ-പ്രവൃത്തി പൂർത്തിയായില്ല

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

| ക്രമനമ്പർ | പ്രോജക്ട് | ഫണ്ടിനം, ചെലവ് തുക(തൻ വർഷം) | ബിൽ നമ്പർ |
|---|---|---|---|
| 1 | 161/22 | ധനകാര്യകമ്മീഷൻ ഗ്രാന്റ് 1500000 രൂപ | 449/11.01.2022 |
| 2 | 212/22 | മെയിന്റനൻസ് ഫണ്ട് റോഡിതരം 400000/- രൂപ | 541/10.02.2022 |

ആർദ്രം മിഷനിൽ ഉൾപ്പെടുത്തി അയ്മനം പി എച്ച് സി യെ ഫാമിലി ഹെൽത്ത് സെന്റർ ആയി ഉയർത്തുന്നതിന് 15 ലക്ഷം രൂപ NRHM വിഹിതവും 40 ലക്ഷം രൂപ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 55 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. 2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം 16,34,064 രൂപ 2018-19 വർഷം District Health And Welfare Society യുടെ ICICI ബാങ്കിന്റെ 626701034909 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ 21-22 മുതൽ തുടർ നിർവ്വഹണം നടത്തുന്നത് സെക്രട്ടറിയാണ്. ടി വർഷം 1500000 രൂപ 161/22 പ്രകാരം District Health And Welfare Society യുടെ ICICI ബാങ്കിന്റെ 626701034909 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

ഇത് കൂടാതെ പി എച്ച് സി കുടുബാരോഗ്യകേന്ദ്രം നിർമ്മാണം അധിക വിഹിതം നൽകൽ എന്ന പ്രോജക്ടും 21-22 വർഷം സെക്രട്ടറി നടപ്പാക്കിയിട്ടുണ്ട് പി എച്ച് സി കെട്ടിടത്തിന്റെ അടിത്തറ ഉയരം കൂട്ടുന്നതിന് 4 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി (212/22) District Health And Welfare Society യുടെ ICICI ബാങ്കിന്റെ 626701034909 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. നിലവിലുള്ള പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് പകരം തറ പണിയുന്നതിന് മാത്രമായി മെയിന്റനൻസ് ഫണ്ടുപയോഗിച്ച് പുതിയ പ്രോജക്ട് തയ്യാറാക്കി ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിലധികരിച്ച് തുകനൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.14/27.11.2022) അധിക വിഹിതം നൽകിയത് പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം ഉള്ള പദ്ധതിക്കല്ലെന്നും എൻ എച്ച് എം രണ്ട് കോടി വകയിരുത്തി നടപ്പാക്കുന്ന പി എച്ച് സി ഒപി ബ്ലോക്ക് നിർമ്മാണം എന്ന പ്രോജക്ടിനാണെന്നും അധികവിഹിതം നൽകുന്നതിന് പദ്ധതി രൂപീകരിക്കാൻ 18/08/21ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലുമാണെന്നറിയിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട ചുമതല ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്കാണ്. എന്നാൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ പരിശോധിക്കാതെയാണ് പഞ്ചായത്ത് അധിക തുക

കൈമാറിയിട്ടുള്ളത്. പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്തതിനാൽ വിശദാംശങ്ങൾ രണ്ടു പ്രോജക്ടുകൾക്കും തൻ വർഷം ചെലവഴിച്ച 1900000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റ പണിക്ക് ഉപയോഗിക്കേണ്ട മെയിന്റനൻസ് ഫണ്ട് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-39 പഠനമുറി- വാല്യുവേഷൻ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 237/22 |
| ചെലവ് | 400000/- വികസനഫണ്ട് എസ്.സി.പി |
| ബിൽ നമ്പർ, തീയതി | 3,4/10.1.22<br>5/5.2.22<br>7/15.3.22 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ തൻ വർഷം പ്രണവ് വി.പി വട്ടുകുളം, അഞ്ജലി പ്രസാദ് വട്ടുകുളം എന്നീ വിദ്യാർത്ഥികൾക്ക് രണ്ട് ലക്ഷം രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട അസി.എഞ്ചിനീയറുടെ വാല്യുവേഷൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിക്കേണ്ടതിലേക്കായി 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 വയോജനങ്ങൾക്ക് കട്ടിൽ - മാർഗ്ഗരേഖ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 21/22 |
| ചെലവ് | 12,89,976/- വികസനഫണ്ട് ജനറൽ |
| ബിൽ നമ്പർ, തീയതി | 7,8,9/18.11.21 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ എന്ന പ്രോജക്ടിൽ ആർട്ട്കോ കോട്ടയത്തിൽ നിന്നും കട്ടിലൊന്നിന് 4299.92 രൂപ നിരക്കിൽ 300 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ (എം.എസ്) നം 22/2018 /ത.സ്വ.ഭ.വ തീയതി 14.2.18 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ പൊതു നിബന്ധന ഖണ്ഡിക 2.12 പ്രകാരം പൊതുവിഭാഗത്തിന് ആനുകൂല്യം നൽകുന്നതിന് വാർഷിക വരുമാനപരിധി രണ്ട് ലക്ഷം രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ കുടുംബങ്ങളിൽ സർക്കാർ ജീവനക്കാരുള്ളതിനാൽ വാർഷിക വരുമാനപരിധി റേഷൻകാർഡിൽ നിന്നും വ്യക്തമല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് |
|---|---|---|
| 1 | സെലിൻജോർജ്, പ്രാപ്പുഴ | 9 |
| 2 | അരവിന്ദാക്ഷൻ പിള്ള, ശിവപ്രസാദം | 9 |
| 3 | ലീലാമ്മാജോൺ, പുതുപ്പറമ്പിൽ | 1 |
| 4 | മോഹനൻ, വടക്കേക്കുറ്റ് | 18 |
| 5 | ത്രേസ്യാമ്മ തോമസ്, കാട്ടുനിലം | 5 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 1/25.11.2022) നൽകുകയുണ്ടായി. റേഷൻകാർഡിലെ വരുമാനം കണക്കാക്കിയാണ് ആനുകൂല്യം നൽകിയതെന്നും തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താവിന്റെ വരുമാനപരിധി പാലിച്ച് സബ്സിഡി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

1-41 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ്- തുടർ പ്രവർത്തനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 274/22 |
| ചെലവ് | 62000/- തനത്ഫണ്ട് |
| വൌച്ചർ നമ്പർ, തീയതി | 22101653/23.3.22 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |

ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം , സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യനിർമ്മാർജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് രൂപീകരിച്ചതാണ്. ആയതിന് ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം തുകകൾ ചെലവഴിക്കാവുന്നതാണ്.

| സർക്കാർ ഉത്തരവ് | ഇനം, ചെലവാക്കാവുന്ന തുക |
|---|---|
| ജി.ഒ (ആർ.റ്റി) 2307/2021/lsgd Dt 18.11.21 | കെൽട്രോണിന് സർവ്വീസ് ചാർജ് - 135700/-<br>ക്യൂ. ആർ കോഡ് തുക – 12000/-<br>എസ്.എം.എസ് തുക – 7200/-<br>ലാപ് ടോപ്പ് - 50000/-<br>ആകെ - 204900/- |
| ജി.ഒ (ആർ.റ്റി) 173/2022/lsgd Dt 23.01.2022 | ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂസർ ഒന്നിന് പ്രതിമാസം 220 വീതം വ്യക്തിഗത ഫോൺ റീചാർജിംഗിന് നൽകാവുന്ന തുക (20 വാർഡിന് )- 52800/- |

മേൽ പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി തൻ വർഷം കെൽട്രോണിൽ നിന്ന് 50000/- രൂപ ചെലവഴിച്ച് ലാപ് ടോപ്പ് വാങ്ങിയിട്ടുണ്ട്. അതോടൊപ്പം ക്യൂ. ആർ കോഡ് തുകയായ 12000/- രൂപയും കെൽട്രോണിന് നൽകിയിട്ടുണ്ട്. പ്രോജക്റ്റിന്റെ തുടർ പ്രവർത്തനങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ31/28.11.2022) നൽകുകയുണ്ടായി. ക്യൂ.ആർ കോഡ് പതിപ്പിക്കൽ, വിവരശേഖരണം എന്നിവ പൂർത്തിയായിട്ടുണ്ടെന്നും തുടർപ്രവർത്തനങ്ങൾ നടന്നുവരുകയാണെന്നും മറുപടി ലഭ്യമാക്കി. പദ്ധതി പൂർത്തിയാക്കിയ ശേഷം വിവരം അറിയിക്കേണ്ടതാണ്.

1-42 സമഗ്ര പുരയിടകൃഷി-വളം വാങ്ങിയ ബിൽ ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 18/22 |
| പ്രോജക്റ്റ് | സമഗ്ര പുരയിടകൃഷി |
| ചെലവ് | 700000 (വികസന ഫണ്ട് പൊതു വിഭാഗം) |
| ബിൽ നം | 7/21-22/23.12.21 |

പുരയിടകൃഷി ചെയ്യുന്ന കർഷകർക്ക് രാസവളവും (50%) ജൈവവളവും (75%) സബ്സിഡി നിരക്കിൽ വാങ്ങുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ചത്. ഇത് പ്രകാരം വളം വാങ്ങിയ ബില്ല് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. ഇപ്രകാരം സബ്സിഡി തുക 8500/-രൂപ കൈപ്പറ്റിയ വിനോദ് കുമാർ പി കെ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം വളം വാങ്ങിയ ബില്ല് ലഭ്യമല്ലായിരുന്നു. ടിയാൾ വളം വാങ്ങിയിട്ടുണ്ടെങ്കിൽ ബിൽ ഹാജരാക്കാനാവശ്യപ്പെട്ടു

നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (44/30.11.22) മറുപടി ലഭിച്ചില്ല. വളം വാങ്ങിയ ബിൽ ഹാജരാക്കുന്നതുവരെ സബ്സിഡി ഇനത്തിൽ ചെലവഴിച്ച 8500/- രൂ തടസ്സപ്പെടുത്തുന്നു.

## 1-43 പച്ചക്കറി തൈ സുഭിക്ഷ കേരളം പദ്ധതി-വിതരണ വിവരം ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 13/22 |
| പ്രോജക്റ്റ് | പച്ചക്കറിവിത്ത് വിതരണം |
| ചെലവ്- | 100,000/- (വികസനഫണ്ട് പൊതു വിഭാവം) |
| ബിൽ നം- | 10/21-22/6.01.22 |
| ഇൻവോയിസ് നമ്പർ | SPP/21-22/1507/24.11.21 |

മേൽ പ്രോജക്ട് പ്രകാരം സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി VFPCK, -ൽ നിന്ന് 100% സബ്സിഡിയോടെ പഞ്ചായത്തിലെ കർഷകർക്ക് സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ പച്ചക്കറി വിത്തുകൾ വാങ്ങി വിതരണം ചെയ്തു. ഗുണഭോക്താക്കൾ വിത്തുകൾ കൈപ്പറ്റിയതിന്റെ വിതരണ രജിസ്റ്റർ, അപേക്ഷ, അനുബന്ധ രേഖകൾ, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-23/28.11.22) മറുപടി ലഭിച്ചില്ല. വിതരണ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ടി അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | 27/22 |
| ചെലവ്<br>വികസനഫണ്ട് (ജനറൽ) | 625000/- |
| ബിൽ നം./തീയതി | 4/8.11.21 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

പദ്ധതി നടത്തിപ്പിനായി 50 ഗുണഭോക്താക്കൾക്കായി പഞ്ചായത്ത് വിഹിതം 625000 രൂപ (12500 X 50) രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കാലിത്തീറ്റ വിതരണം പൂർണ്ണമാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-45 ഉത്തരവാദിത്ത ടൂറിസം -പഞ്ചായത്ത് തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ടൂറിസത്തിന്റെ ഗുണപരമായ അംശങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും തെറ്റായ ഘടകങ്ങളെ ഇല്ലാതാക്കാനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ലോകവ്യാപകമായി സ്വീകരിക്കപ്പെടുന്നു. ഇന്ത്യയിൽ ഈ ആശയം ആദ്യം ഉൾക്കൊണ്ട് പ്രാവർത്തികമാക്കിയ സംസ്ഥാനമാണ് കേരളം. കേന്ദ്ര സർക്കാർ ഐകോണിക് ടൂറിസം ഡെസ്റ്റ്നേഷൻ പദവി നൽകിയിട്ടുള്ള ഇൻഡ്യയിലെ 17-സ്ഥലങ്ങളിലൊന്നാണ് കുമരകം. എന്നാൽ കുമരകത്തെക്കാൾ ടൂറിസം പ്രോജക്ടുകൾക്ക് പ്രസക്തിയുള്ള പഞ്ചായത്താണ് അയ്മനം. പാരിസ്ഥിതികമോ സാമൂഹികമോ ആയ കോട്ടങ്ങളൊന്നും വരുത്താതെ ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കാനുള്ള സമഗ്രസമീപനമാണ് ഉത്തരവാദിത്ത ടൂറിസത്തിനുള്ളത്. ഏറ്റവും ശ്രദ്ധേയമായ വസ്തുത ഉത്തരവാദിത്ത ടൂറിസം തദ്ദേശീയ സമൂഹത്തിന്റെ ജീവിതാവസ്ഥകളെ അത്ഭുതകരമാം വിധം മെച്ചപ്പെടുത്തി എന്നതാണ്.

ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഏതാനും ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- തരിശ്ശ നിലത്ത് കൃഷിയിറക്കി കാർഷിക ഉൽപാദനം വർദ്ധിപ്പിയ്ക്കുക
- മീൻ വളർത്തലും താമര വളർത്തലും
- ഹോട്ടൽ വ്യവസായമായുള്ള ബന്ധത്തിലൂടെ തദ്ദേശ ഉൽപന്നങ്ങളുടെ വിപണനം.
- സുവനിർ വ്യവസായം വികസനം
- സമൂഹവുമായി ബന്ധപ്പെട്ട ടൂറിസം ഉൽപന്നങ്ങൾ
- പ്രാദേശിക കലാരൂപങ്ങളുടെയും സംസ്കാരത്തിന്റെയും പ്രചാരണം
- സാംസ്കാരിക ടൂറിസം, പ്രാദേശിക വിഭവങ്ങൾ എന്നിവയുടെ പ്രചാരണം.
- സാമൂഹ്യ ബോധവൽക്കരണം. പരിസ്ഥിതി സംരക്ഷണം.
- ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികൾ
- സമഗ്ര വിഭവ ഭൂപട നിർമ്മാണം.
- ലേബർ ഡയറക്ടറി.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റുവർഷം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി കമ്മറ്റി തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും പ്രാഥമിക നടപടികൾ പോലും ആരംഭിച്ചതായി വ്യക്തമല്ല. വലിയ മടക്കുഴിയിൽ ബോട്ടിംഗിന് സാഹചര്യം ഒരുക്കുന്നതിനായി കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടെങ്കിലും പൂർത്തീകരിയ്ക്കാൻ കാല താമസം ഉണ്ടാകുമെന്ന് ഭൗതിക പരിശോധനയിൽ ബോധ്യമായി. ടൂറിസം മേഖലയിൽ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരുടെ ഒരു ശിൽപ്പശാല നടത്തി എല്ലാ വിഭാഗത്തിൽപ്പെട്ടവരുടെയും പൊതുസമ്മതത്തോടുകൂടി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുക എന്നതായിരിക്കണം ഇതിന്റെ ലക്ഷ്യം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ഗവൺമെന്റ്, ടൂറിസം വ്യവസായം, പൗരസമൂഹം, മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം പ്രതിനിധികളെ പങ്കെടുപ്പിച്ച് ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമൂഹ്യ സാമ്പത്തിക പാരിസ്ഥിതിക വശങ്ങൾ ചർച്ച ചെയ്ത് ഈ പ്രദേശത്തിനു വേണ്ടി ഒരു കർമ്മ പദ്ധതി മേൽ സൂചിത വിഷയങ്ങൾ ഉൾക്കൊള്ളിച്ച് ആവിഷ്കരിയ്ക്കാവുന്നതാണ്.

## 1-46 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

സ്യൂട്ട് രജിസ്റ്റർ പ്രകാരം 2014-2015 മുതൽ മുപ്പതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താല്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന വസ്തുത എല്ലാ കേസുകളിലും വ്യക്തമല്ല. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെയും ,കൺസൽട്ടൻസി ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെയും കൃത്യത ഉറപ്പാക്കാനാവുന്നില്ല. ഓഡിറ്റുവർഷം ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് നടത്തിയ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു കൂടാതെ നിലവിൽ വിചാരണ പൂർത്തീകരിയ്ക്കാത്ത കേസുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിശ്ചിത മാതൃകയിൽ സ്യൂട്ട് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-47 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.

അയ്മനം ഗ്രാമപഞ്ചായത്തിൽ കുടമാളൂർ ഹൈസ്കൂളിൽ ആണ് സിഎഫ്എൽറ്റി പ്രവർത്തിച്ചിരുന്നത്.ഗ്രാമപഞ്ചായത്തിൽ സ.ഉ (സാധാ)നം. 1364/2020 തസ്വഭവ തീയതി 16.07.2020 പ്രകാരം സിഎഫ് എൽ റ്റി സിനടത്തിപ്പിനായി പതിനൊന്ന് ലക്ഷം രൂപ 2021-22 വർഷം വരെ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിരുന്നു. 100,000 രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (DDMA)നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. ശേഷിയ്ക്കുന്ന തുക റീഫണ്ട് ചെയ്യാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മാലിന്യ സംസ്കരണം,ട്രാൻസ്പോട്ടേഷൻ, കുടിവെള്ളം, സ്റ്റേഷനറി (മെഡിക്കൽ ഉൾപ്പെടെ) , മൊബൈൽ ഫോൺ ചാർജിങ്ങ്, ക്ലീനിംഗ് & റിപ്പയർ, ഭക്ഷണം, ഹോണറേറിയം വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങൾക്കായാണ് തുക ചെലവഴിച്ചത്. എന്നാൽ 6/25.11.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ കൃത്യത വ്യക്തമല്ല. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

1-48 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഐ കെ എം വിഹിതം അടവാക്കൽ എന്ന പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 96553/- രൂപ വികസന ഫണ്ടിൽ (പൊതു വിഭാഗം) നിന്നും (പ്രൊജക്ട് നമ്പർ 2/22) ഐ കെ എം, തിരുവനന്തപുരം -ന്റെ പേരിൽ നൽകിയിട്ടുണ്ട് തുക യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 07.06.2022 | 23.11.2022 – 24.11.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

2021-22ൽ സംയുക്ത പ്രോജക്ടിനായി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന്റെയും മുന്നിരിപ്പായുണ്ടായിരുന്നതിൽ ചെലവഴിച്ചതുമായ ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 396000 | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി-പട്ടികജാതി (208/22) | 396000 | |
| | 800000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി -പട്ടികജാതി (109/22) | 800000 | |
| | 50000 | ലൈഫ് ഭൂരഹിത ഭവന രഹിത പദ്ധതി പട്ടികജാതി (156/22) | 50000 | |
| | 402208 | ഭിന്നശേഷിയുള്ളവരുടെ പഠന സഹായം (19/22) | 402208 | |
| ആകെ | 1648208 | | 1648208 | |
| ജില്ലാ പഞ്ചായത്ത് | 200000 | ഭക്ഷ്യവിളകളുടെ വിത്ത് (190/22) | 200000 | 0 |
| | 299994 | പാലിയേറ്റീവ് കെയർ(29/22) | 299994 | |
| | 3254000 | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി-പട്ടികജാതി (208/22) | 3254000 | |
| | 4100000 | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി-(108/22) | 4100000 | |
| | 3250000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി -പട്ടികജാതി (109/22) | 3250000 | 0 |
| | 570000 | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി-പട്ടികജാതി (156/22) | 570000 | 0 |
| | 1270000 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി (151/22) | 1270000 | 0 |
| | 425000 | ലൈഫ് ഭൂരഹിത ഭവന രഹിത പദ്ധതി പട്ടികജാതി (155/22) | 425000 | 0 |
| | 500000 | ഭിന്നശേഷിയുള്ളവരുടെ | 500000 | 0 |

| | | | | |
|---|---|---|---|---|
| | | പഠന സഹായം (19/22) | | |
| | 336000 | കിണർ റീചാർജ്ജിംഗ് (157/22) | 336000 | 0 |
| ആകെ | 14204994 | | 14204994 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി അയ്യനം | 269/22 വിവിധ വാർഡുകളിൽ സ്ലീറ്റ് ലൈൻ വലിക്കൽ | 438986 | --- | 438986 |
| കെ എസ് ഇബി അയ്യനം | 275/22 വിവിധ വാർഡുകളിൽ സ്ലീറ്റ് ലൈൻ വലിക്കൽ തുക അടവാക്കുന്നത് | 160423 | --- | 160423 |
| കെ എസ് ഇ ബി അയ്യനം | 185/22പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 132598 | --- | 132598 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ജി. ഒ(എം എസ്)68/2018 /തസ്വഭവ /18.05.2018 | 30,691,031 | 2280000 | 3622666 | | 29348365 |

പഞ്ചായത്ത് 2021-22 വർഷം 2280000 രൂപയാണ് വായ്പ എടുത്തിട്ടുള്ളത് എന്നാൽ 2021-22 ധനകാര്യ പത്രിക പ്രകാരം പ്രകാരം 2540000രൂപയാണ് ലോൺ വരവ്.

സെക്രട്ടറിയുടെ 252/22, 253/22, 260/22, നമ്പർ പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ട് ജനറലിൽ നിന്ന് 3490179 രൂപയും 254/22,261/22 നമ്പർ പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ട് എസ് സി പയിൽ നിന്ന് 132487 രൂപയും ഉൾപ്പെടെ ആകെ 3622666/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.29348365 രൂപയാണ് വായ്പ ഇനത്തിൽ തിരിച്ചടക്കാനുള്ള തുക എന്നാൽ 29608365 രൂപയാണ് വാർഷികകണക്കുകൾ പ്രകാരമുള്ള ലോൺ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത് (ബി 5 ഷെഡ്യൂൾ) (ഖണ്ഡിക 1-26 കാണുക)

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 3-1 | 2014-15 | 4.1.15 | പൊതുകളിസ്ഥലം--പാഴ്ചെലവായി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 1999-2000, 2001-02 | 17 | 2004-05 | 2-4 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.5 | നിഷ്ക്രിയാസ്തികൾ -വനിതാ വ്യവസായകേന്ദ്രം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | തൊഴിൽ നികുതി 4.1.7 | അയ്മനം കുടിവെള്ള പദ്ധതി-പ്രവർത്തന രഹിതമാണ് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 2014-15 | 2-2-1,2-2-2 | 2016-17 | അനുബന്ധം 3 | വസ്തുനികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഗണയി ലാണ് |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയി ലാണ് |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 144811706.45 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 112145144 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3330479 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 199972 | ഡോ.മിനിജ ഡി നായർ, മെഡിക്കൽ ഓഫീസർ |
| 1-32 | 732007 | ശ്രീ.സോണി മാത്യു, സെക്രട്ടറി |
| 1-34 | 90000 | ശ്രീമതി നിസി ജോൺ സി വൈ, അസി.സെക്രട്ടറി |
| 1-38 | 1900000 | ശ്രീ.സോണി മാത്യു, സെക്രട്ടറി |
| 1-39 | 400000 | ശ്രീമതി നിസി ജോൺ സി വൈ, അസി.സെക്രട്ടറി |
| 1-42 | 8500 | ശ്രീമതി ജോസ്സാമോൾ കുര്യൻ, കൃഷി ഓഫീസർ |
| ആകെ | 3330479 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 99-00, 00-01, 01-02 പ്ലാൻ | എൽ.എഫ്.കെ.പി.10/1291 /11/16.6.12 | 8 |
| 96-97 വരവ് | എൽ.എഫ്.കെ.പി.4/509 /07/26.7.07/1.10.07 | 3 |
| 98-99 വരവ് | എൽ.എഫ്.കെ.പി.4/511 /07/5.10.09/6.11.09 | 1 |
| 06-07 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22) 1782(2)/22/19.08.2022 | 4 |
| 07-08 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(2)/22 19.08.22 | 1 |
| 08-09 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(3)/22 19.08.22 | 3 |
| 09-10 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(4)/22 19.08.22 | 5 |
| 10-11 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(5)/22 19.08.22 | 1 |
| 11-12 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(6)/22 19.08.22 | 7 |
| 12-13 വരവുചെലവ് | എൽ.എഫ്.കെ.പി.10-504/15 /28.05.15 | 20 |
| 13-14 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/256 /15/16.02.16 | 20 |
| 2014-15 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(7)/22 19.08.22 | 9 |
| 2015-16 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/1691 /2021/23.05.2022 | 6 |

| | | |
|---|---|---|
| 2016-17 വരവുചെലവ് | കെ എസ് എ കെ റ്റി എം പി 9 112/18/29.01.2018 | 18 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി 9/2078 /18/30.4.2019 | 15 |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി.9/648 /2020/29.06.2020 | 22 |
| 2019-20 | നം.കെ.എസ്.എ-കെ.ടി.എം.പി.9/508/2022 31.03.2022 | 38 |
| 2020-21 | നം.കെ.എസ്.എ-കെ.ടി.എം.പി.9/509 /2022/05.05.2022 | 50 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്